(സി) അതിന്റെ ഡയറക്ടർ ബോർഡ് ഇതുവരെ എത്ര പ്രാവശ്യം യോഗം കൂടിയിട്ടുണ്ട്;

(ഡി) എന്തെല്ലാം കാര്യങ്ങൾക്ക് എന്ത് തുക വീതം ലോൺ കൊടുക്കാൻ തീരുമാനിച്ചിട്ടുണ്ട്;

(ഇ) ഈ കോർപ്പറേഷന്റെ രജിസ്റ്റേർഡ് ഓഫീസ് എവിടെയാണ് സ്ഥാപിച്ചിട്ടുള്ളത്;

(എഫ്) പ്രസ്തുത ഓഫീസിൽ എത്ര ജീവനക്കാരുണ്ട്; ആരെല്ലാം എന്ന് വ്യക്തമാക്കുമോ?

ധനകാര്യ വകുപ്പുമന്ത്രി (ശ്രീ. ടി. ശിവദാസമേനോൻ) :

(എ) 11.11.1999-ലെ കേരള ഇൻഫ്രാസ്ട്രക്ചർ ഇൻവെസ്റ്റ്മെന്റ് ഫണ്ട് ഓർഡിനൻസ് 1999 പ്രകാരമാണ് കേരള അടിസ്ഥാന സൗകര്യ നിക്ഷേപനിധി നിലവിൽ വന്നത്.

(ബി) 1. ചീഫ് സെക്രട്ടറി (ബോർഡിന്റെ ചെയർമാൻ)
2. ധനകാര്യ വകുപ്പു പ്രിൻസിപ്പൽ സെക്രട്ടറി
3. പൊതുമരാമത്ത് വകുപ്പ് സെക്രട്ടറി.
4. ജലസേചന വകുപ്പ് സെക്രട്ടറി
5. ആസൂത്രണ വകുപ്പ് സെക്രട്ടറി
6. റവന്യൂ വകുപ്പ് സെക്രട്ടറി
7. ധനകാര്യ (റിസോഴ്സസ്) വകുപ്പ് സെക്രട്ടറി (ബോർഡിന്റെ ഫണ്ട് മാനേജർ)
8. സർക്കാർ നാമനിർദ്ദേശം ചെയ്ത ഡെവല്പ്പ്മെന്റ് ബാങ്കിംഗിൽ പരിചയസമ്പന്നരായ രണ്ട് വ്യക്തികൾ

(സി) രണ്ട് പ്രാവശ്യം.

(ഡി) ജലസേചനം, റോഡ്, വൈദ്യുതി, കുടിവെള്ള വിതരണം, ഉൾനാടൻ ജലഗതാഗതം, തുറമുഖം, ചവറ് സംസ്ക്കരണം, ഡ്രെയിനേജ് എന്നീ മേഖലകളിലെ അടിസ്ഥാന സൗകര്യങ്ങൾ വികസിപ്പിക്കുവാൻ ലോൺ കൊടുക്കുവാനാണ് ഉദ്ദേശിക്കുന്നത്. തുക കൊടുക്കുന്നത് സംബന്ധിച്ച് ബന്ധപ്പെട്ട വകുപ്പുകൾക്ക് അപേക്ഷാഫോറം വിതരണം ചെയ്തിട്ടുണ്ട്. വായ്പയ്ക്കുള്ള അപേക്ഷകൾ ലഭിച്ചാലുടൻതന്നെ അനന്തര നടപടികൾ എടുക്കുന്നതാണ്.

(ഇ) പ്രത്യേകമായി രജിസ്റ്റേർഡ് ഓഫീസ് ആയിട്ടില്ല. ഇപ്പോൾ സെക്രട്ടേറിയറ്റ് ധനകാര്യ വകുപ്പിൽ പ്രവർത്തിക്കുന്നു.

(എഫ്) ബോർഡിന് ഇപ്പോൾ സ്വന്തമായി ജീവനക്കാരില്ല. പുതിയ തസ്തികകൾ സൃഷ്ടിക്കുവാനുള്ള നടപടികൾ സ്വീകരിച്ചു വരുന്നു. എന്നാൽ ഇപ്പോൾ ധനകാര്യ വകുപ്പ് ജീവനക്കാരാണ് ഇതിനെ സംബന്ധിച്ച ജോലികൾ അധിക ജോലിയായി ചെയ്തുവരുന്നത്.

നെൽവയലുകളെ സംരക്ഷിക്കുന്നതിന് നടപടി

9 (*69) പ്രൊഫ. സാവിത്രിലക്ഷ്മണൻ :

ശ്രീ. കെ.സി. ജോസഫ് :

ശ്രീ. ജി. കാർത്തികേയൻ :

ശ്രീ. കെ.എ. ചന്ദ്രൻ :

ശ്രീ. ബി. വിജയകുമാർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

LIBRARY ARCHIVES Kerala Legislative Assembly

(എ) വയലിൽ നെൽകൃഷിമാത്രമേ നടത്താവൂ എന്നാവശ്യപ്പെട്ടു കൊണ്ട് കെ.എസ്.കെ.ടി.യു. വയൽ നികത്തുന്നതിനെതിരെ സമരം നടത്തിയ തിനെത്തുടർന്ന് പ്രശ്നം പഠിച്ച് റിപ്പോർട്ട് സമർപ്പിക്കുവാൻ ഗവൺമെന്റ് ഒരു സമിതിയെ നിയമിച്ചിരുന്നുവോ;

(ബി) എങ്കിൽ സമിതിയിലെ അംഗങ്ങൾ ആരെല്ലാമായിരുന്നു;

(സി) സമിതി എവിടെയെല്ലാം തെളിവെടുപ്പു നടത്തി;

(ഡി) സമിതി റിപ്പോർട്ട് സമർപ്പിച്ചിട്ടുണ്ടോ;

(ഇ) വയലിൽ മറ്റു കൃഷികൾ നടത്തുന്നതിനെപ്പറ്റി സമിതിയുടെ ശുപാർശ എന്തെല്ലാമായിരുന്നു;

(എഫ്) ഭക്ഷ്യോല്പാദനം വർദ്ധിപ്പിക്കുന്നത് സംബന്ധിച്ച് സമിതി യുടെ നിർദ്ദേശങ്ങൾ എന്തെല്ലാമായിരുന്നു;

(ജി) സംസ്ഥാനത്തെ കൃഷി ചിലവ് കുറയ്ക്കുന്നതിന് സമിതി എന്തെല്ലാം നിർദ്ദേശങ്ങൾ നൽകിയിട്ടുണ്ട്;

(എച്ച്) ഇവ ഗവൺമെന്റ് അംഗീകരിച്ചിട്ടുണ്ടോ?

കൃഷി വകുപ്പുമന്ത്രി (ശ്രീ. കൃഷ്ണൻ കണിയാംപറമ്പിൽ) :

(എ) നെൽകൃഷിയും, കർഷകരും, കർഷകത്തൊഴിലാളികളും നേരി ടുന്ന പ്രധാന പ്രശ്നങ്ങളും അതിന്റെ പരിഹാര മാർഗ്ഗങ്ങളും നിർദ്ദേശിക്കുന്ന തിനായി ഡോ.കെ.എൻ. ശ്യാമസുന്ദരൻ നായർ ചെയർമാനായി ഒരു സമി തിയെ നിയമിച്ചിരുന്നു.

(ബി) 1. ഡോ.കെ.എൻ. ശ്യാമസുന്ദരൻ നായർ, മെമ്പർ, സ്റ്റേറ്റ് പ്ലാനിംഗ് ബോർഡ് (ചെയർമാൻ)

2. പ്രൊഫ.ആർ.വി.ജി. മേനോൻ, ഡയറക്ടർ, ഇന്റഗ്രേറ്റഡ് റൂറൽ ടെക്നോളജി സെന്റർ (അംഗം)

3. ഡോ. ആർ. ഗോപാലകൃഷ്ണൻ, ഡയറക്ടർ ഓഫ് റിസർച്ച് (റിട്ട.) കേരള കാർഷിക സർവകലാശാല (അംഗം)

4. ഡോ. കെ.വി. കണ്ണൻ, ഫെലോ, സെന്റർ ഫോർ ഡെവല പ്പമെന്റ് സ്റ്റഡീസ്, തിരുവനന്തപുരം (അംഗം)

5. ഡോ. കെ.ജി. പത്മകുമാർ, അസോ.പ്രൊഫസർ, കാർഷിക സർവകലാശാല, കുമരകം(അംഗം)

(സി) സംസ്ഥാനത്തെ പ്രധാന നെൽകൃഷി മേഖലകളിലെല്ലാം തെളി വെടുപ്പ് നടത്തി.

(ഡി) ഉണ്ട്.

(ഇ)-(എച്ച്) റിപ്പോർട്ട് സർക്കാർ പരിശോധിച്ചുവരുന്നു.

LIBRARY ARCHIVES Kerala Legislative Assembly